LIBRARY ARCHIVES Kerala Legislative Assembly

പട്ടയഭൂമിയിലെ മരംമുറി

15(*43) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് സംബന്ധിച്ച് തങ്ങളുടെ ആശങ്കകൾ ബന്ധപ്പെട്ട കളക്ടർമാർ വനം വകുപ്പിനെ അറിയിച്ചിരുന്നോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പട്ടയഭൂമിയിലെ റിസർവ്, ഷെഡ്യൂൾ മരങ്ങൾ സംരക്ഷിക്കുന്നതിൽ വകുപ്പിന് വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) ഇല്ല

(ബി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(സി) സർക്കാർ ഉത്തരവിനേയും സർക്കുലറിനേയും തെറ്റായി വ്യാഖ്യാനിച്ച് പട്ടയഭൂമിയിലെ സർക്കാർ വക മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നത് ശ്രദ്ധയിൽ വന്നപ്പോൾ തന്നെ വനനിയമങ്ങൾ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പിന് വീഴ്ച വന്നിട്ടില്ല.

വനമേഖലയിലെ കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ

16(*44) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താരതമ്യേന തൊഴിലവസരങ്ങൾ കുറവായിരുന്ന വനമേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ലോക്ക്ഡൗണിൽ തൊഴിലവസരങ്ങൾ ഇല്ലാതായതിനാൽ പരമാവധി പുതിയ തൊഴിൽ സാധ്യതകൾ ആവിഷ്കരിക്കാൻ വനം വകുപ്പ് പരിഗണിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;